PROF. K. V. THOMAS
(ERNAKULAM)
MEMBER
KERALA LEGISLATIVE ASSEMBLY
KURUPPASSERIL HOUSE
PROF. K. V. THOMAS ROAD
THOPPUMPADY
COCHIN-5

PHONE :
M. L. A. HOSTEL : 0471-2512352
RES. : 0484-2231999
0484-2232530
MOBILE : 9847077150
E-Mail : kvthomas@asia.com

കൊച്ചി
27-01-2009

ബഹു. ധനകാര്യ മന്ത്രിക്ക്,

സംസ്ഥാനത്തെ ഹോംസ്റ്റേകൾക്ക് 2008 ഏപ്രിൽ മുതൽ 0.05 നികുതി ഏർപ്പെടുത്തിയതിനെതിരെ കേരള ഹോംസ്റ്റേ ആന്റ് ടൂറിസം സൊസൈറ്റി നിവേദനം നൽകിയിരുന്നു.

ആഗോള സാമ്പത്തിക പ്രതിസന്ധി മൂലം സഞ്ചാരികളുടെ വരവിൽ കുറവ് നേരിടുന്നതിനാൽ നികുതി നിർദ്ദേശം പിൻവലിക്കുകയോ നടപ്പിലാക്കുന്നത് മൂന്നു വർഷത്തേക്ക് മാറ്റി വയ്ക്കുകയോ വേണം.

2008 ഏപ്രിൽ മുതലാണ് നികുതി ഏർപ്പെടുത്തിയിട്ടുള്ളതെങ്കിലും വാണിജ്യ നികുതി ഉദ്യോഗസ്ഥർ ഹോംസ്റ്റേകളിൽ മിന്നൽ പരിശോധന നടത്തി രേഖകൾ പിടിച്ചെടുത്ത് മുൻകാല പ്രാബല്യത്തോടെ നികുതി അടക്കുന്നതിന് നോട്ടീസ് നൽകിയിക്കുകയാണ്. ഇത് നിയമ വിരുദ്ധമാണ്. വീട്ടിൽ കയറിയുള്ള പരിശോധന അവസാനിപ്പിക്കണം.

നികുതി നിർദ്ദേശം നടപ്പിലാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് മുൻപ് ചൂണ്ടിക്കാണിച്ചിരുന്നു. സംസ്ഥാനത്തെ 350 ഓളം ഹോംസ്റ്റേകളിൽ 200 ലും മുറികൾ രണ്ടിൽ താഴെയും വാടക 1000 രൂപയിൽ കുറവുമാണ്. പലരും സജീവമായി രംഗത്തില്ല. 100 ഹോംസ്റ്റേകളിൽ നിന്നുള്ള നികുതി വരുമാനത്തിനേ സാധ്യതയുള്ളൂ. ടൂറിസം സീസണായ മൂന്നു മാസം മാത്രമാണ് ഇവയുടെ പ്രവർത്തനം. നികുതി ഇനത്തിൽ പ്രതിവർഷം സർക്കാരിന് ലഭിക്കാവുന്ന വരുമാനം ഒന്ന്-ഒന്നര ലക്ഷം രൂപമാത്രമാണ്. നികുതി പിരിവിനുള്ള ചിലവ് ഇതിലും എത്രയോ ഇരട്ടിവരും. ഈ സാഹചര്യത്തിൽ നികുതി നിർദ്ദേശം പൂർണ്ണമായി പിൻവലിക്കണം.

ഹോംസ്റ്റേകൾ ഏറെയുള്ളത് ഗ്രാമങ്ങളിലാണ്. ഇത് ഗ്രാമീണ ജനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കാൻ ഇടയാക്കുന്നു. മികച്ച രീതിയിൽ ഹോംസ്റ്റേകൾ നടത്തി കൊണ്ടുപോകുന്നതിന് ഹോംസ്റ്റേകൾക്ക് അടുത്ത ബജറ്റിൽ വാർഷിക ഗ്രാന്റ് അനുവദിക്കണം. വരുമാനമില്ലാത്തിനാൽ പല സംരംഭകരും അടച്ചു പൂട്ടാൻ ഒരുങ്ങുകയാണ്. വാണിജ്യ സ്ഥാപനങ്ങൾക്കുള്ള ഏഴ് എ വൈദ്യുതി താരിഫാണ് ഇപ്പോൾ ഹോംസ്റ്റേകൾക്ക്. ഹോംസ്റ്റേകൾക്ക് വൈദ്യുതി താരിഫ് സബ്സിഡി നൽകുന്നതിന് ടൂറിസം വകുപ്പിന് അടുത്ത ബജറ്റിൽ പ്രത്യേകം തുക വകയിരുത്തണം.

ഹോംസ്റ്റേകൾ വിദേശ രാജ്യങ്ങളിൽ മാർക്കറ്റ് ചെയ്യുന്നതിന് പ്രത്യേക തുക അനുവദിക്കണം. ഇത് വഴി വൻതോതിൽ വിദേശനാണ്യം നേടാനും സഞ്ചാരികളെ ആകർഷിക്കാനും കഴിയും.

മേൽ സൂചിപ്പിച്ചിട്ടുള്ള വിഷയങ്ങളിൽ സത്വര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ

പ്രൊഫ. കെ.വി തോമസ് എം.എൽ.എ
ചെയർമാൻ,
കേരള ഹോംസ്റ്റേ ആന്റ് ടൂറിസം സൊസൈറ്റി

Copy to
Hon. Tourism Minister.

PROF. K. V. THOMAS
(ERNAKULAM)
MEMBER
KERALA LEGISLATIVE ASSEMBLY

KURUPPASSERIL HOUSE
PROF. K. V. THOMAS ROAD
THOPPUMPADY
COCHIN-5

PHONE :
M. L. A. HOSTEL : 0471-2512352
RES. : 0484-2231999
0484-2232530
MOBILE : 9847077150
E-Mail : kvthomas@asia.com

കൊച്ചി
27-01-2009

ബഹു. ടൂറിസം വകുപ്പ് മന്ത്രിക്ക്,

സംസ്ഥാനത്തെ ഹോംസ്റ്റേ സംരംഭകർ നേരിടുന്ന പ്രതിസന്ധികളെ സംബന്ധിച്ച് അങ്ങേക്ക് രണ്ടു നിവേദനങ്ങൾ മുമ്പ് നൽകിയിരുന്നു. അടിയന്തിര പ്രാധാന്യമുള്ള വിഷയങ്ങൾ സൂചിപ്പിക്കുന്നു. ഇക്കാര്യത്തിൽ സത്വര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

1) 2008 ലെ ഫിനാൻസ് ബില്ലിൽ ഹോംസ്റ്റേകൾക്ക് ഏർപ്പെടുത്തിയ 0.05 ശതമാനം ലക്ഷ്വറി ടാക്സ് പൂർണ്ണമായും പിൻവലിക്കുകയോ നികുതി നിർദ്ദേശം നടപ്പിലാക്കുന്നത് മൂന്നു വർഷത്തേക്ക് മാറ്റി വയ്ക്കുകയോ ചെയ്യുക.

2) വാണിജ്യ സ്ഥാപനങ്ങൾക്കുള്ള ഏഴ് എ താരിഫ് ഹോംസ്റ്റേകൾക്ക് ഏർപ്പെടുത്തിയ പശ്ചാത്തലത്തിൽ ടൂറിസം വകുപ്പ് ക്ലാസിഫിക്കേഷൻ അനുസരിച്ച് ഹോംസ്റ്റേകൾക്ക് വൈദ്യുതി സബ്സിഡി നൽകുക.

3) ഹോംസ്റ്റേകൾ അടച്ചു പൂട്ടൽ നേരിടുന്ന സാഹചര്യത്തിൽ ക്ലാസിഫിക്കേഷൻ പ്രകാരം വാർഷിക മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കുക.

4) വാണിജ്യ നികുതി ഉദ്യോഗസ്ഥർ ഹോംസ്റ്റേകളിൽ കയറി മിന്നൽ പരിശോധന നടത്തുന്നതും നികുതി അസ്സസ് ചെയ്യുന്നതും നിർത്തി വക്കുക.

5) ടൂറിസം വകുപ്പ് പങ്കെടുക്കുന്ന വിദേശ/സ്വദേശ ട്രാവൽ മീറ്റുകളിൽ ഹോംസ്റ്റേകളെ സൗജന്യമായി പങ്കെടുപ്പിക്കുക.

6) ക്ലാസിഫിക്കേഷൻ ഇല്ലാത്ത ഹോംസ്റ്റേകളുടെ പ്രവർത്തനം തടയുക.

7) സ്വകാര്യ സ്ഥാപനങ്ങൾ വഴി കമ്മീഷൻ ഈടാക്കി ടൂറിസം വകുപ്പ് നടത്തുന്ന റിസർവേഷൻ സംവിധാനം നിർത്തിവക്കുക. ക്ലാസിഫിക്കേഷന് പുറമേ സ്വകാര്യ സ്ഥാപനങ്ങൾക്കും സംരംഭകർ വൻതുക നൽകേണ്ടി വരുന്നത് ഒഴിവാക്കണം.

8) എല്ലാ ജില്ലകളിലും ഹോംസ്റ്റേ സംരംഭകർക്ക് ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.

9) ഹോംസ്റ്റേ ക്ലാസിഫിക്കേഷൻ സമയബന്ധിതമായി പൂർത്തിയാക്കുക.

10) ജില്ലകളിലെ ഹോംസ്റ്റേ ക്ലാസിഫിക്കേഷൻ കമ്മിറ്റിയിൽ കേരള ഹോംസ്റ്റേ ആന്റ് ടൂറിസം സൊസൈറ്റി പ്രതിനിധികളെ ഉൾപ്പെടുത്തുക.

വിശ്വസ്തതയോടെ

പ്രൊഫ. കെ.വി തോമസ് എം.എൽ.എ
ചെയർമാൻ,
കേരള ഹോംസ്റ്റേ ആന്റ് ടൂറിസം സൊസൈറ്റി

മെട്രോ മനോരമ
2009 ജനുവരി 15 വ്യാഴം

# ഹോംസ്റ്റേ ബിസിനസിനു നിറം മങ്ങുന്നു

ഫോർട്ടുകൊച്ചി: ടൂറിസ്റ്റുകളുടെ എണ്ണത്തിലുണ്ടായ കുറവ് ഇരുട്ടടിയായത് ഹോംസ്റ്റേ ഉടമകൾക്ക്. വോൾവോ റേസിലും ടൂറിസം സീസണിലും പ്രതീക്ഷയർപ്പിച്ചു പുതിയ ഹോംസ്റ്റേകൾ ആരംഭിക്കുകയും ലക്ഷങ്ങൾ മുടക്കി നിലവിലുള്ളവ നവീകരിക്കുകയും ചെയ്ത പലർക്കും നിരാശ ബാക്കി.

നവംബർ മുതൽ ഫെബ്രുവരി വരെയുള്ള സീസൺ അവസാനിക്കാറായിട്ടും ഒരു അതിഥിയെ പോലും കിട്ടാതെ അടച്ചിട്ടിരിക്കുന്ന ഹോംസ്റ്റേകളും ഫോർട്ടുകൊച്ചിയിലുണ്ട്. കഴിഞ്ഞ വർഷം ഈ കാലയളവിൽ ഹോംസ്റ്റേകളിൽ മുറി കിട്ടാനില്ലായിരുന്നുവെന്നതായിരുന്നു അവസ്ഥയെങ്കിൽ ഇന്നു വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ അൻപതു ശതമാനത്തോളം കുറവാണുണ്ടായിട്ടുള്ളതെന്നു ഹോംസ്റ്റേ ഉടമകൾ പറയുന്നു.

പുതുവത്സരാഘോഷം പ്രമാണിച്ച് ഡിസംബർ 20 മുതൽ ജനുവരി ഒന്നു വരെ ടൂറിസ്റ്റുകളുടെ ഒഴുക്ക് ഉണ്ടായെങ്കിലും പിന്നീട് അതു നിലച്ചു. ശനി, ഞായർ ദിവസങ്ങളിൽ മാത്രമാണ് പല ഹോംസ്റ്റേകളിലും താമസക്കാരെ കിട്ടുന്നത്. ബാക്കിയുള്ള ദിവസങ്ങളിൽ അടച്ചിട്ടിരിക്കുന്ന ഹോംസ്റ്റേകൾ ഈ രംഗത്തുണ്ടായ പ്രതിസന്ധിയുടെ പ്രതീകമാണ്. മുംബൈ സ്ഫോടനത്തിന്റെ പശ്ചാത്തലത്തിൽ ഗോവയിൽ പൊതു ആഘോഷങ്ങൾ നിരോധിച്ചതിനാലാണ് പുതുവത്സരാഘോഷത്തിനു കൊച്ചിയിലേക്ക് കൂടുതൽ പേർ എത്തിയതെന്നു ചൂണ്ടിക്കാണിക്കപ്പെടുന്നു.

ഫ്രാൻസിൽ നിന്നുള്ള ടൂറിസ്റ്റുകളാണ് മുൻവർഷങ്ങളിൽ കൂടുതൽ വന്നിരുന്നതെങ്കിൽ ഇക്കുറി യൂറോപ്പിൽ നിന്നുള്ളവരാണ് എത്തുന്നത്. അമേരിക്കൻ വിനോദ സഞ്ചാരികളുടെ എണ്ണം ഗണ്യമായി കുറഞ്ഞു.

താമസ സൗകര്യം തേടി എത്തുന്ന ഇടത്തരക്കാരായ ടൂറിസ്റ്റുകൾ മുറി വാടക വിലപേശി യുറപ്പിക്കുന്നുവെന്നതും പുതിയ പ്രവണതയാണ്. അടച്ചിട്ടിരിക്കുന്ന മുറികൾ കുറഞ്ഞ നിരക്കിനാണെങ്കിലും നൽകാൻ ഉടമകളും നിർബന്ധിതരാവുന്നു.

ഇരുനൂറോളം ഹോംസ്റ്റേകളാണ് ഫോർട്ടുകൊച്ചിയിൽ പ്രവർത്തിക്കുന്നത്. ഫോർട്ടുകൊച്ചി ഹോംസ്റ്റേ ഓണേഴ്സ് അസോസിയേഷന്റെ കീഴിൽ 70 എണ്ണവും ഫോർട്ടുകൊച്ചി ടൂറിസ്റ്റ് ഹോം ഓണേഴ്സ് അസോസിയേഷന്റെ കീഴിൽ എഴുപതോളം ഹോംസ്റ്റേകളും പ്രവർത്തിച്ചുവരുന്നു. ഹോംസ്റ്റേയിലെ സൗകര്യങ്ങളുടെയും സംവിധാനങ്ങളുടെയും അടിസ്ഥാനത്തിൽ മൂന്നു വിഭാഗങ്ങളായി തിരിച്ചാണ് റജിസ്ട്രേഷൻ. ഏറ്റവും കൂടുതൽ സൗകര്യങ്ങളുള്ള ഡയമണ്ട് വിഭാഗത്തിൽ പെടുന്ന നാലും ഗോൾഡ് വിഭാഗത്തിൽ പെടുന്ന പന്ത്രണ്ടും ഹോംസ്റ്റേകൾ ഇവിടെയുണ്ട്. മറ്റുള്ളവ സിൽവർ വിഭാഗത്തിൽ പെടുന്നു. 400 മുതൽ 1500 രൂപ വരെയാണ് മുറി വാടകയായി ഈടാക്കുന്നത്.



ഗാർഹിക നിരക്കിന്റെ അഞ്ചിരട്ടിയോളം വരുന്ന വൈദ്യുതി ചാർജ്, ഇൻകം ടാക്സ് എന്നിവയും അറ്റകുറ്റപ്പണികൾക്കായി ഓരോ വർഷവും മുടക്കുന്ന വൻ തുകയും കണക്കാക്കുമ്പോൾ പലരും ഹോംസ്റ്റേകൾ അടച്ചുപൂട്ടി കെട്ടിടം വാടകയ്ക്കോ പണയത്തിനോ നൽകുകയാണെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു. നാലു മുറി ഹോംസ്റ്റേക്കായി മാറ്റിയിട്ടുള്ള വീടുകൾക്ക് സെയിൽസ് ടാക്സ് റജിസ്ട്രേഷൻ ഫീസായി 1000 രൂപ വീതം അടയ്ക്കണമെന്ന് ആവശ്യപ്പെട്ട് ഇപ്പോൾ നോട്ടീസ് നൽകിവരുന്നുണ്ട്. സീസൺ അല്ലാത്ത സമയത്ത[...]ച്ച നിരക്കിലുള്ള വൈ[...] ചാർജ് കൊടുക്കണമെ[...] ഹോംസ്റ്റേ ഉടമകൾക്കു [...]ത്തിക ബാധ്യത വരുത്ത[...]ക്കുന്നു.

കാൻവാസ് ചെയ്യാനെ[...] ഏജന്റുമാരുടെയും ഓട്ടോ[...]ക്കാരുടെയും ഇടപെടൽ പ[...]ഴും വിദേശ വിനോദസ[...]കൾക്ക് അരോചകമാകു[...]ന്നു പരാതിയുണ്ട്.

അതിഥിയെ കിട്ടണമെ[...] ഓട്ടോറിക്ഷക്കാർക്ക് വൻ ക[...]മ്മിഷൻ നൽകേണ്ടി വരു[...]യി ഹോംസ്റ്റേ ഉടമക[...]ഞ്ഞു.

ഫോർട്ടുകൊച്ചിയിൽ [...]ന്ന വിനോദ സഞ്ചാരികൾ [...] രണ്ടോ ദിവസം ഇവിടെ [...] ശേഷം ആലപ്പുഴ, മൂന്നാ[...]ല തുടങ്ങിയ സ്ഥലങ്ങള[...] പോകുകയാണു പതിവ്. [...] നിന്നു ദീർഘദൂര ബസ്[...]സുകൾ ഇല്ലാത്തത് [...]കൾക്കു ബുദ്ധിമുട്ട് ഉണ്ടാ[...] ടൂറിസം സീസണിലെങ്കി[...]ന്നാർ, ബാംഗ്ലൂർ, മൈസൂ[...]ങ്ങിയ സ്ഥലങ്ങളിലേക്ക് [...]ട്ടുകൊച്ചിയിൽ നിന്നു ദീർ[...] ബസ് സർവീസുകൾ [...]ച്ചാൽ അതു ടൂറിസം വി[...]ത്തിനു സഹായകരമാക[...] അഭിപ്രായമുണ്ട്.

<<< ഫോർട്ടുകൊച്ചിയിലെ ഹോംസ്റ്റേകളിൽ ചിലത്.